പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1147 — 05.03.2018-ൽ മറുപടിക്ക്

## ആലപ്പുഴ ലേക്ക് പാലസ് റിസോർട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം. ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലാകളക്ടർ ലേക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) പ്രസ്തുത പ്രദേശത്തിന്റെ സ്ഥലപരിശോധന നടത്തി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ഇത് സംബന്ധിച്ച് സുപ്രീംകോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ആരാണ് പ്രസ്തുത കേസ് നൽകിയിട്ടുള്ളത്; ഈ കേസിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) ഇതു സംബന്ധിച്ച് സുപ്രീംകോടതിയിൽ SLA 33948/17 നമ്പരായി കേസ് നിലവിലുണ്ട്. ശ്രീ. തോമസ് ചാണ്ടി ബഹു.ഹൈക്കോടതി വിധിയ്ക്കെതിരെ നൽകിയ ഹർജിയാണിത്. ഈ കേസിൽ അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത റിസോർട്ടിലേക്കുള്ള റോഡ് 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം വയൽ നികത്തി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) ലേക്ക് പാലസ് റിസോർട്ടിലേക്കുള്ള റോഡ് 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനു ശേഷം വയൽ നികത്തി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ പ്രസ്തുത നിയമം ലംഘിച്ചതിന്റെ പേരിൽ റിസോർട്ടിന്റെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) റിസോർട്ടിന്റെ ഉടമസ്ഥർക്കെതിരെ ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**